# P K M U P SCHOOL

## ALPATTAKULAMBA

# ACADEMIC MASTER PLAN
## 2025 - 26

**ആമുഖം**

കോഡൂർ ഗ്രാമപഞ്ചായത്തിലെ ആൽപ്പറ്റ കുളമ്പ് എന്ന സ്ഥലത്താണ് പി കെ എം യു പി എസ് ആൽപ്പറ്റ കുളമ്പ് സ്ഥിതിചെയ്യുന്നത്. ഓത്തു പള്ളിയിൽ നിന്നാണ് സ്കൂളിൻറെ ആരംഭം .കോട്ടക്കൽ പാലപ്രയിൽ നിന്ന് മഹല്ല് ഖാസിയായി വന്ന ഒറ്റ കത്ത് കിഴക്കേ പള്ളിക്കൽ ലവക്കുട്ടി മുസ്ലിയാർ ആണ് ഓത്തുപള്ളി ആരംഭിച്ചത്. അദ്ദേഹത്തിൻറെ കാലശേഷം മകൻ കുഞ്ഞഹമ്മദ് മുസ്ലിയാരും പിന്നീട് അവരുടെ മകൻ ഓക്കേ അബ്ദുള്ള മാസ്റ്റർ സ്കൂളിൻറെ ചുമതല ഏറ്റെടുത്തു. സ്കൂൾ ഭരണം പിൽക്കാലത്ത് പാന്തൊടി കുഞ്ഞഹമ്മദ് ഏറ്റെടുത്തു.പാന്തൊടി കുടുംബം ദീർഘകാലം സ്കൂൾ ഭരണ ചുമതല നിർവഹിച്ചു പോന്നു. ശേഷം കടക്കാടൻ അബ്ദുറഹീം ( മാനു ) മാനേജർ ആയി ചുമതലയേറ്റു. സ്കൂളിൻറെ അഭിവൃദ്ധിക്ക് വേണ്ടി അഹോരാത്രം കർമ്മനിരതരായിരിക്കുന്ന ഒരു മാനേജ്മെൻറ് ആണ് സ്കൂൾ ഭരണം നിർവഹിക്കുന്നത്. കോഡൂർ പഞ്ചായത്തിലെ മികച്ച സ്കൂളുകളിൽ ഒന്നാണ് ഈ വിദ്യാലയം. ആദ്യകാലത്ത് മതപഠനത്തിന് ഉപയോഗിച്ചിരുന്ന ഈ വിദ്യാലയം പിന്നീട് നാലാം തരം വരെയും അതിനു ശേഷം ഒന്നു മുതൽ ഏഴ് വരെയുള്ള യുപി സ്കൂൾ ആയി ഉയർത്തപ്പെടുകയും ചെയ്തു. ഇപ്പോൾ ഈ വിദ്യാലയം പുരോഗതിയുടെ പാതയിലാണ് .

പതിനേഴ് യു.പി. ഡിവിഷനുകളും എട്ട് എൽ.പി ഡിവിഷനുകളും പ്രീപ്രൈമറി വിഭാഗവും അടങ്ങി എണ്ണൂറോളം വിദ്യാർത്ഥികൾ ഇന്നിവിടെ വിദ്യ നേടാനായി എത്തുന്നു.ഒരു നൂറ്റാണ്ട് കാലം വിദ്യയുടെ വെളിച്ചം പകർന്ന നമ്മുടെ സ്കൂൾ 102-ാം വർഷവും പിന്നിട്ട് പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ നാടിന് അഭിമാനമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | :പി.കെ.എം യു .പി .എസ് ആൽപ്പറ്റ കുളമ്പ് |
| വിലാസം | : കോഡൂർ പി.ഒ |
| സ്കൂൾ കോഡ് | :18478 |
| ഫോൺ | :9567889243 |
| വിദ്യാഭ്യാസ ഉപജില്ല | മലപ്പുറം |
| വിദ്യാഭ്യാസ ജില്ല : | മലപ്പുറം |
| റവന്യൂ ജില്ല | : മലപ്പുറം |
| ബി ആർ സി | : ചെമ്മങ്കടവ് |
| സി ആർ സി: | ചെമ്മങ്കടവ് ഗ്രാമപഞ്ചായത്ത്: കോഡൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : മലപ്പുറം |
| ജില്ലാ പഞ്ചായത്ത്: | മലപ്പുറം |
| നിയമസഭാ മണ്ഡലം: | മലപ്പുറം |
| ലോക്സഭാ മണ്ഡലം: | മലപ്പുറം |
| താലൂക്ക്: | പെരിന്തൽമണ്ണ |
| വില്ലേജ് | : കോഡൂർ |
| ഇമെയിൽ അഡ്രസ് | : pkmups @gmail.com |
| സ്കൂൾ വിക്കി: | പി കെ എം യുപിഎസ് ആൽപ്പറ്റ കുളമ്പ് സ്കൂൾ വിക്കി |

## പൊതു ലക്ഷ്യങ്ങൾ

*ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു .

*സ്കൂൾ സമൂഹത്തിന് എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.

* എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു.

* പാഠ്യ പദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകുന്നു.

* സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

* ഭിന്നശേഷി കുട്ടികളെ ഉൾപ്പെടുത്തി അവർക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ

ആസൂത്രണം ചെയ്യുന്നു.

* ലഹരിക്കെതിരെ ഒറ്റക്കെട്ടായി പോരാടാനും ലഹരിയിൽ അകപ്പെടാതിരിക്കാനും വേണ്ട ബോധവൽക്കരണം നൽകുന്നു.

* പഠനത്തോടൊപ്പം തന്നെ കുട്ടികളിലെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനായി വിവിധ ആരോഗ്യ കായിക വ്യായാമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു

* റോഡ് സുരക്ഷയെയും ട്രാഫിക് നിയമങ്ങളെയും പറ്റിയുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കാനായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു

* കുട്ടികളിൽ ഡിജിറ്റൽ അച്ചടക്കം വളർത്തുന്നതിനായി ബോധവൽക്കരണ സെഷനുകൾ സംഘടിപ്പിക്കുന്നു

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

*പാഠ്യപാഠേതര പ്രവർത്തനങ്ങളിൽ വളരെ താല്പര്യത്തോടെ കുട്ടികൾക്ക് പങ്കെടുക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നു

* ശുചിത്വം ഇവ പാലിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു *അന്താരാഷ്ട്ര നിലവാരത്തിലുള്ള ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു * *ദയ,സ്നേഹം തുടങ്ങിയ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു *ജീവിതത്തിൽഒരിക്കലും ലഹരി ഉപയോഗിക്കരുത് എന്ന് ഉറച്ച ബോധം കുട്ടികളിൽ സൃഷ്ടിക്കുന്നു *ഭിന്നശേഷി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നു

* പരിസ്ഥിതി അവബോധം ഉളവാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

* പരിസര ശുചിത്വം സാമൂഹ്യ ശുചിത്വം വ്യക്തി ശുചിത്വം എന്നിവയെപ്പറ്റി കുട്ടികളിൽ അവബോധം ജനിപ്പിക്കുന്നു.

# സ്കൂൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ/ പരിമിതികൾ

*ലാബ് ലൈബ്രറികളുടെ കുറവ്

*ഡിജിറ്റൽ ക്ലാസ് റൂമുകളുടെ കുറവ് *ആവശ്യത്തിന് കമ്പ്യൂട്ടറുകളുടെ കുറവ് *CPTA യിൽ മുഴുവൻ രക്ഷിതാക്കളുടെയും പങ്കാളിത്തമില്ലായ്മ

*സ്ഥലപരിമിതി

* സമയക്കുറവ്

# പദ്ധതി വിശദാംശങ്ങൾ സ്കൂൾ പ്രവർത്തനങ്ങൾ * - ഭൗതികം

-അക്കാദമികം

-സാമൂഹികം

ഭൗതികം

-മികച്ച ക്ലാസ് റൂം -ഡിജിറ്റൽ ക്ലാസ് റൂമുകൾ

-വാഹന സൗകര്യം -മെച്ചപ്പെട്ട അടുക്കള -മാലിന്യ സംസ്കരണം -കുടിവെള്ള സൗകര്യം -കൂടുതൽ കമ്പ്യൂട്ടറുകൾ -കളിസ്ഥലം

-ചുറ്റുമതിൽ

-സ്റ്റേജ്

-ലാബുകൾ

-- ലൈബ്രറി

-പോഷക ഗുണമുള്ള ഭക്ഷണം

സാമൂഹികം

-പിടിഎ യോഗങ്ങൾ -സി പി ടി എ

-അമ്മ വായന -കലോത്സവം -പൊതുവേദികൾ വച്ച് അംഗീകാരം നൽകൽ

## അക്കാദമികം

-- സവിശേഷതയുള്ള കുട്ടികൾക്കായുള്ള പ്രത്യേക പ്രവർത്തനങ്ങൾ -പിന്നോക്കക്കാരെ പരിഗണിക്കുന്ന പ്രവർത്തനങ്ങൾ -ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്കുള്ള പ്രവർത്തനങ്ങൾ -ഐടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ -കലാകായിക പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന -സ്കോളർഷിപ്പ് പരിശീലനങ്ങൾ -മൂല്യനിർണയ പ്രവർത്തനങ്ങൾ

-CPTA

-എസ് ആർ ജി

-ലാബ്

-ഗൃഹസന്ദർശനം -ഗണിത പഠനം ഉറപ്പുവരുത്താൻ പ്രത്യേക ക്ലാസുകൾ -പരിശീലന കളരികൾ -രചനകൾ ഉൾപ്പെടുത്തി പതിപ്പുകളുടെ പ്രകാശനം -ബോധവൽക്കരണ ക്ലാസുകൾ -പ്രവർത്തിപരിചയവുമായി ബന്ധപ്പെട്ട ക്ലാസുകൾ

-സയൻസ് ലാബ് ഫലപ്രദമായി ഉപയോഗിക്കൽ

ഐടി മേഖല ക്ലാസ് റൂമുമായി ബന്ധിപ്പിക്കൽ -കൂടുതൽ ലാപ്ടോപ്പുകൾ -ദിനാചരണങ്ങൾ

ക്ലബ്ബ് പ്രവർത്തനങ്ങൾ -സ്കൗട്ട് ഗൈഡ് ബാൻഡ് ജെ ആർ സി -ഹിന്ദി പഠനം കാര്യക്ഷമമാക്കൽ

# നിലവിലെ അവസ്ഥ/ മികവുകൾ

എൽ എസ് എസ് യുഎസ്എസ് സ്കോളർഷിപ്പ് പരീക്ഷകളിൽ മികച്ച വിജയം നേടാൻ നമ്മുടെ വിദ്യാർഥികൾക്ക് കഴിഞ്ഞിട്ടുണ്ട് .2024 25 വർഷത്തിൽ 7 എൽ എസ് എസും , 28 യുഎസ്എസും കരസ്ഥമാക്കി. USS നേട്ടത്തിൽ കോഡൂർ പഞ്ചായത്തിലെ തന്നെ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ സ്കൂളായി മാറിക്കഴിഞ്ഞു.

ഇൻസ്പെയർ അവാർഡ് ആദ്യമായി നമ്മുടെ സ്കൂളിലേക്ക് കൊണ്ട് വന്ന ഏഴാം ക്ലാസിലെ വിദ്യാർത്ഥിനി നമ്മുടെ നാടിന് തന്നെ അഭിമാനമായി.

സബ്ജില്ലാതല യുപി അറബിക് കലോത്സവത്തിൽ ഓവറോൾ രണ്ടാം സ്ഥാനവും ജനറൽ വിഭാഗത്തിൽ നാലാം സ്ഥാനവും കരസ്ഥമാക്കി.സബ്ജില്ലാതല സാമൂഹ്യ ഗണിത ശാസ്ത്ര പ്രവർത്തിപരിചയ മേളയിൽ മികച്ച വിജയം കരസ്ഥമാക്കാനും നമ്മുടെ കുട്ടികൾക്കായി സാധിച്ചു. ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനായി എല്ലാ കുട്ടികൾക്കും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് നല്ല രീതിയിൽ നൽകാനും നമ്മുടെ സ്കൂളിന് സാധിച്ചിട്ടുണ്ട്. യുപി ക്ലാസുകളിലെ നാല് കുട്ടികൾക്ക് സംസ്കൃത സ്കോളർഷിപ്പ് ലഭിച്ചു.നീന്തൽ മത്സരത്തിൽ സബ്ജില്ലാതലം ഓവറോൾ ഒന്നാം സ്ഥാനവും ജില്ലാതലത്തിൽ രണ്ടാം സ്ഥാനവും ലഭിക്കുകയുണ്ടായി ഏഴാം ക്ലാസിലെ ഒരു വിദ്യാർത്ഥിക്ക് സ്റ്റേറ്റ് ലെവൽ നീന്തൽ മത്സരത്തിൽ പങ്കെടുക്കാനും അവസരമുണ്ടായി. മികച്ച ഒരു ബാൻ്റ് ടീമും നമ്മുടെ സ്കൂളിന് മിഴിവേകുന്നു

# പദ്ധതി വിശദാംശങ്ങൾ

വിശദാംശങ്ങൾ സ്കൂൾ പ്രവർത്തനങ്ങൾ

---ഭൗതികം

--അക്കാദമികം

--സാമൂഹികം

## ഭൗതികം

മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നതിനായി നല്ല ക്ലാസ് മുറികൾ സജ്ജീകരിച്ചിരിക്കുന്നു.

ഡിജിറ്റൽ ക്ലാസ് റൂം ഐസിടി സാധ്യത മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്നു.

പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചു നിർമ്മിച്ച അടുക്കള പോഷകസമൃദ്ധമായ ഭക്ഷണം ഒരുക്കുന്നതിന് സഹായകമാണ്.

പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് സ്കൂളിന് പരിസര ശുചിത്വം പാലിക്കുന്നതിന് സഹായകമാകുന്നു.

മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

കുട്ടികൾക്കായിസ്കൂളിൽ നിർമ്മിക്കുന്ന ഫുട്ബോൾ ടർഫ് കുട്ടികളിലെ കായികശേഷി വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.

കമ്പ്യൂട്ടർ ലാബ് സൗകര്യം കുട്ടികളിൽ ഐടി പഠനം മികവുള്ളതാക്കാൻ സഹായകമാകുന്നു.

ലൈബ്രറി സൗകര്യം കുട്ടികൾക്ക് ഒരുക്കുന്നു. ലൈബ്രറി പിരീഡുകൾ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് പുസ്തകം നൽകുകയും കുട്ടികളിലെ വായന പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

*എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള കുട്ടികൾക്ക് മെച്ചപ്പെട്ട വാഹന സൗകര്യം ഉറപ്പ് നൽകുന്നു.

കമ്പ്യൂട്ടർ ലാബ് സൗകര്യം കുട്ടികളിൽ ഐടി പഠനം മികവുള്ളതാക്കാൻ സഹായകമാകുന്നു.

ലൈബ്രറി സൗകര്യം കുട്ടികൾക്ക് ഒരുക്കുന്നു. ലൈബ്രറി പിരീഡുകൾ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് പുസ്തകം നൽകുകയും കുട്ടികളിലെ വായന പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

## സാമൂഹികം

പിടിഎ എക്സിക്യൂട്ടീവ് യോഗങ്ങൾ ചേർന്ന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

CPTA യോഗങ്ങൾ വർഷത്തിൽ അഞ്ചു തവണ ചേരുന്നു.

രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ട് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

പൊതുവേദികളിൽ വെച്ച് രക്ഷിതാക്കൾക്കും കുട്ടികൾക്കും ആയി അംഗീകാരങ്ങൾ നൽകുന്നു .

## അക്കാദമിക പ്രവർത്തനങ്ങൾ

പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനം നൽകുന്നുഇംഗ്ലീഷ് മലയാളംകണക്ക് എന്നീ വിഷയങ്ങൾ പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേക പരിശീലനംനൽകുന്നു. എൽ.എസ്.എസ് , യു എസ് എസ് പരീക്ഷകൾക്ക് വേണ്ടിയുള്ള പ്രത്യേക പരിശീലനം ശനിയാഴ്ചകളിൽ സംഘടിപ്പിക്കുന്നു.

സാമൂഹ്യ ശാസ്ത്ര ഗണിത പ്രവർത്തിപരിചയമേളകളിൽ വിജയം നേടാൻ അവധി ദിനങ്ങളിലെ പരിശീലനം സഹായിക്കുന്നു.

കലാ കായിക പരിശീലനം കൃത്യമായി നൽകുന്നു.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം നീന്തൽ പരിശീലനം നൽകുന്നു.

KMSU Sports അക്കാദമിയുടെ കീഴിൽ ഫുട്ബോൾ പരിശീലനം നൽകുകയും വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു.

കുട്ടികളിലെ മാനസികോല്ലാസത്തിനും സമ്മർദ്ദം കുറക്കുന്നതിനുമായി എയ്റോബിക്സ്, സുംബ പരിശീലനം ആരംഭിക്കാൻ പദ്ധതിയിടുന്നു.

# ഗൃഹസന്ദർശനം

ഓരോ കുട്ടിയുടെയും വീടുകൾ സന്ദർശിച്ച് അവരുടെസാമ്പത്തിക ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുകയും കുടുംബാന്തരീക്ഷം മനസ്സിലാക്കുകയും ചെയ്യുന്നു കുട്ടിയെ അറിയാൻ എന്ന ഈ പദ്ധതിയിലൂടെ ഓരോ കുട്ടിയേയും ആഴത്തിൽ മനസ്സിലാക്കാനും വേണ്ട പിന്തുണ നൽകാനും അധ്യാപകരെ പ്രാപ്തരാക്കുന്നു.

# പ്രതിമാസ കലണ്ടർ

എസ് ആർ ജി കൂടി ചർച്ച ചെയ്തു ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു.ക്ലാസ് തല പാഠാസൂത്രണം ചർച്ചചെയ്ത് വേണ്ട വിലയിരുത്തലുകൾ നടത്തുകയും ചെയ്യുന്നു.

ദിനാചരണങ്ങൾ ഓരോ മാസത്തെയും ഹൗസിൻ്റെ നേതൃത്വത്തിൽ ദിനാചരണങ്ങൾ ചർച്ച ചെയ്ത് വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ദിനാചരണ പരിപാടികളിൽ രക്ഷിതാക്കൾ കൂടി ഉൾപ്പെട്ട പരിപാടികളും നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നു.

ബോധവൽക്കരണ ക്ലാസുകൾ കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. ലഹരി ഉപയോഗം, മാനസിക സമ്മർദ്ദം, തുടങ്ങി വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്.

# ക്ലബ്ബുകൾ

സ്കൂളിൽ ഇംഗ്ലീഷ് ഹിന്ദി അറബിക് സംസ്കൃതം മലയാളം തുടങ്ങിയ ഭാഷാ ക്ലബ്ബുകളും സയൻസ്, എസ് എസ്, മാത്സ് ഹരിത ക്ലബ്ബ് തുടങ്ങിയ ക്ലബ്ബുകളും സജീവമായി

പ്രവർത്തിക്കുന്നു. ഓരോ ക്ലബ്ബുകളുടെയും നേതൃത്വത്തിൽ വിവിധ പരിപാടികൾ സ്കൂളുകളിൽ നടപ്പിലാക്കുന്നു.ഹരിത ക്ലബ്ബിൻറെ നേതൃത്വത്തിൽ സ്കൂളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുകയും വിളവെടുത്ത പച്ചക്കറികൾ ഉച്ച ഭക്ഷണത്തിനായി ഉപയോഗപ്പെടുത്താനും സാധിച്ചു. കുട്ടികളിൽ കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കാൻ ഇത്തരം ക്ലബ്ബുകൾ സഹായകമാകുന്നു.

## വിവിധ യൂണിറ്റുകൾ

സ്കൗട്ട് ഗൈഡ് ജെ ആർ സി യൂണിറ്റുകൾ സ്കൂളിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വിദഗ്ദരായ ആളുകളുടെ നേതൃത്വത്തിൽ വിവിധ പരിശീലനവും നൽകി വരുന്നു. സ്കൗട്ട് ഗൈഡ് ജെ ആർ സി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കുളം ശുചീകരണംസ്കൂൾ പരിസര ശുചീകരണം എന്നിവയും ബഡ്സ് സ്കൂൾ സന്ദർശനം, തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ചെയ്ത് വരുന്നു.

ഫീൽഡ് ട്രിപ്പ് പഠനത്തിൻറെ ഭാഗമായി വിവിധ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. അതോടൊപ്പം തന്നെ കുട്ടികൾക്കായി പഠനയാത്രകളും സംഘടിപ്പിക്കുന്നു .

സമൂഹത്തിലെ വിവിധ തുറകളിലെ ആൾക്കാരെ ഉൾപ്പെടുത്തി വിവിധ ആഘോഷങ്ങൾ സംഘടിപ്പിക്കാറുണ്ട് ഓണം, ഈദ്, ക്രിസ്മസ് ആഘോഷങ്ങൾ, സ്വാതന്ത്ര്യദിനാഘോഷം റിപ്പബ്ലിക് പരേഡ്, റാലി തുടങ്ങിയവ വിപുലമായ രീതിയിൽ തന്നെ സ്കൂളിൽ ആഘോഷിച്ചു വരുന്നു.

സ്കൂൾ വാർഷിക ആഘോഷത്തിൽ എൽഎസ്എസ് യുഎസ്എസ് നേടിയ 5 , 6 , 7 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാനേജ്മെന്റ് നൽകുന്ന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

വിവിധ മേഖലകളിൽ മികവ് തെളിയിച്ചവർക്കുള്ള മെമൻ്റോയും വാർഷികാഘോഷവേളയിൽ വിതരണം ചെയ്ത് വരുന്നു.

മൂല്യനിർണയ പ്രവർത്തനങ്ങൾ

1st term 2 nd term,3 rd term പരീക്ഷാ മൂല്യനിർണയം കൃത്യമായി നടത്തി വിലയിരുത്തുന്നു.

ക്ലാസ് ടെസ്റ്റ്, midterm എന്നീ പരീക്ഷകളും നടത്തി മൂല്യനിർണയം നടത്തുന്നു.

## മോണിറ്ററിംഗ് രീതി

പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനായി സ്കൂൾ തലം മുതൽ ശക്തമായ മോണിറ്ററിംഗ് നടപ്പിലാക്കുന്നു.

ദൈനം ദിന മോണിറ്ററിംഗ് HM, SRG കൺവീനർ , PTA പ്രസിഡൻ്റ് എന്നിവരുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു.

**Talent lab**

കുട്ടികളിലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിൻ്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് ടാലൻ്റ് ലാബ് . കരാട്ടെ, അബാക്കസ് , ചിത്രം വര, മ്യൂസിക്, ഫുട്ബോൾ, ബാൻ്റ് തുടങ്ങിയവയിൽ വിദഗ്ദരുടെ പരിശീലനം കുട്ടികൾക്ക് നൽകുന്നു . എല്ലാ ശനിയാഴ്ചകളിലുമാണ് പരിശീലനം നൽകി വരുന്നത്.

മേഖല - അക്കാദമികം
ഉപ മേഖല - ഭാഷ
ക്ലാസ്സ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1. ഭാഷ കളരി കുട്ടി കളിലൂം<br>പാട്ടുകളും കഥകളു മായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br>2.അമ്മ പറയട്ടെ<br>അമ്മമാർ കുട്ടിക്കഥ കൾ അവതരിപ്പി ക്കുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ<br>ജൂലൈ ഡിസംബർ ജനുവരി മാസത്തി ലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി<br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി. ടി. എ . | SMC<br>മദർ പി.ടി.എ. |

മേഖല - അക്കാദമികം
ഉപ മേഖല - ഭാഷ
ക്ലാസ്സ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1. എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ.<br>2 ലഘു പതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ.<br>സ്റ്റാഫ് | മദർ പി.ടി.എ. |
| സർഗാത്മക തയെ തട്ടി ഉണർത്താം | 1. രചനാ ശിൽപ്പശാല കഥ ,കവിത, രചന കൾക്കുള്ള വേദി യൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപ മേഖല - ഭാഷ

ക്ലാസ്സ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭ കളെഅറി ഞ്ഞറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെൻററി പ്രദർശനം | ജൂൺ | അധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖര ണവും പ്രദർശനവും | ജൂൺ ഡിസംബർ | അധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പിടിഎ ക്ലബ്ബുകൾ | |
| വായന പരിപോ ഷണം | 1) പൊതുസമൂഹവു മായിബന്ധപ്പെട്ട പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയി ലാണ് | | |
| | 3) നാട്ടു വായന പ്രാദേ ശിക എഴുത്തുകാരു മായുള്ള സംവാദം | ആഗസ്റ്റ് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

# മലയാള ഭാഷ (Std IV)

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |

## വായിക്കാം വളരാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശേഷി വളർത്തൽ | ക്ലാസ് വായന കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM SRG Class Teacher CPTA | PTA |

## എഴുതാം തെളിയാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠപുസ്തകങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG Class Teacher | PTA |

## എഴുത്തുകാരുമായി സംവദിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം കേട്ടറിയാം** | | | | |
| അറിവ് ഡോക്യു മെൻററി യിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനു സരണം | Class Teacher | PTA |
| **രുചിച്ചറിയാം......** | | | | |
| നമ്മുടെ പ്രാചീന നാടൻ ഭക്ഷണ ങ്ങൾ പരിചയ പ്പെടൽ | ഭക്ഷ്യമേള - പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിയിലൊരു സദ്യ | വർഷത്തി ലൊന്ന് | SRG<br>Class Teacher<br>CPTA | PTA |
| **ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാ രുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അ ടുത്തറിയൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ, ഡോക്യു മെൻററി പ്രദർശനം, പുസ്തകപരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാ ക്കൽ, പതിപ്പ് നിർമ്മാണം പ്രദർശനം | ആവശ്യാനു സരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനംക്ലാസ് മുറിയി ലേക്ക് കലാവതരണം കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയ പ്രദർശനം | വർഷത്തിൽ ഒന്ന് | HM<br>SGR<br>CPTA<br>Class Teacher | |
| **സർഗോത്സവം** | | | | |
| ഭാഷാ പഠനത്തി ൻറെ ഭാഗമായി നേടിയ ശേഷി കൾ ആത്മവി ശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ ശേഷികളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | HM<br>SGR<br>CPTA<br>Class Teacher | PTA |

| Aim | Activity | Period | Responsibility | Financial analysis |
|---|---|---|---|---|
| Providing opportunities to hear English language extensively | Cartoon screening Movie screening | Once a month | SRG<br>Class teacher | SSA |
| Providing opportunities to speak English with confidence | Let's talk :- Interacting with talented people<br>English Baalsabha<br>English assembly one day english | Once in 3 months<br>Once a month<br>Once a week | SRG<br>Class Teacher<br>SMC | SSA |
| Reading - with understanding and fluency | Class library development<br>Organizing a news reading competition<br>Reading camps<br>Reading children's publications | June - March<br>Once a month<br>Once in 3 months<br>June - March | Class Teacher | PTA |
| **English assembly**<br>Improving the ability to read, speak, and write English effectively | Assembly meeting two days a week (Children have full control of the assembly) | All year round | Class Teacher | |
| **English diary**<br>Ability to write English | Write an English diary about your daily activities | Three days a week(all year | Class Teacher | |

| | | | | |
|---|---|---|---|---|
| without errors | at home and at school | round) | | |
| **English theatre**<br>Nurturing creativity | Presenting English lessons in discourse form (Skit, drama, conversation and story telling) | Once a month | class Teacher | SMC |
| **English magazine**<br>Development of creative writing skills | Preparing a magazine featuring children's writings | Once in 3 months | HM<br>Class Teacher<br>SMC | |
| **English handwriting**<br>Writing skills in English | Exchange letters with friends covering activities on special days at school | Once a month | Class Teacher | PTA |
| **English corner**<br>Nurturing reading skills | Setting up a reading corner with books appropriate to the children's level<br>Arranging reading time<br>Reading Comprehension - Book acquaintance | Once in 2 weeks | Class Teacher | Parents |
| **English fest**<br>To achieve a level of fluency in speaking and writing | Reading competition, writing competition, and presentation of other creative activities | Vacation | class Teacher | |

| | | | | |
|---|---|---|---|---|
| English (Building confidence in handling the English language) | | | | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള - പ്രവർത്തനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SRG | |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം,ഔഷധത്തോട്ടം,ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SRG | SMC |
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വെ ക്ലാസുകൾ പോസറ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ച ബംഗ്ലാവിലേക്ക് കാണാക്കാഴ്ചകൾ | സെപ്തംബർ ഡിസംബർ | SRG SRG | |
| നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി | SRG SMC | SMC |
| ശാസ്ത്ര ബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പു തയ്യാറാക്കൽ | | നാട്ടുകാർ | |

| | | | | |
|---|---|---|---|---|
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് തടയണ,മഴക്കുഴി നിർമ്മാണ ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണം വീട്ടിനകത്തും ശാസ്ത്ര മാസികകൾ | ജൂലൈ ഡിസംബർ | SRG | |
| <u>പ്രകൃതി നടത്തം</u><br>നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | SRG PTA | SMC |
| <u>ശാസ്ത്രമൂല</u><br>ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | SRG | |
| <u>ശാസ്ത്ര യാത്ര</u><br>ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രവർത്തനങ്ങൾ ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം<br>വർഷത്തിലൊന്ന് | | |
| <u>ഭൂപട മൊരുക്കാം</u><br>കേരളം-ഇന്ത്യ ഭൂപ | ഭൂപട വായന ഭൂപട രചന സൂചി | | | |

| | | | | |
|---|---|---|---|---|
| s വായന-സൂചിക പരിചയപ്പെടൽ | കാനിർമ്മാണം ഉപയോഗിക്കൽ | ആവശ്യാനുസരണം | SRG | PTA |
| **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | വർഷത്തിലൊരിക്കൽ | SRG | SSA<br>PTA |
| **ശാസ്ത്രോത്സവം**<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ത്ര പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം-ഇവയുടെ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG | PTA |
| **ശാസ്ത്രമാസിക**<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | | HM<br>SRG<br>Class Teacher | PTA |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കാൻ | 1.ഗണിത മാഗസിൻ 2.ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം -ഏകദിന ക്യാമ്പ് 3.ഗണിത ക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ - കളി | ജൂൺ -മാർച്ച്<br>സെപ്റ്റംബർ<br>മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>SRG<br>ക്ലാസ് ടീച്ചർ | S S A |
| ഗണിത ചിന്താ ശേഷി വളർത്തൽ | 1.ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടാൻ)<br>2.ഗണിത ക്യാമ്പ് (ഗണിത കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br>മാസത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | S S A |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | 1.ഒറിഗാമി ശിൽപ്പശാല രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളിലൂടെ ആസൂത്രണവും. ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ<br>2.മെട്രിക് മേള ഗണിതോത്സവം | ഒക്ടോബർ<br>ജനുവരി | SRG, PTA<br>SRG<br>ക്ലാസ് ടീച്ചർ | S S A<br>SSA<br>STAFF<br>SMC |

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഛ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# ഉർദു അക്കാദമിക്
# മാസ്റ്റർ പ്ലാൻ- 2025-26

## യു പി. തലം

School: P.K.M. UP SCHOOL ALPATTAKULAMBA

Name of the Urdu Teacher: NOUFAL K.M.

# ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

P.K.M. U.P. School.......................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

## പൊതു ലക്ഷ്യങ്ങൾ

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഠം ആഗെ ബഢേം<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | മേരെ അൽഫാസ്<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈഎഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനം വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം. | | | | |
| 3 | e-ദുനിയ ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | ഖസാന-എ ഇൽമ് പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | ഹം മിലേം ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

| | | | | | | |
|---|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | ഉർദു കെ മോത്തിയാം ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

# സംസ്കൃതം അക്കാദമികമാസ്റ്റർപ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | അക്ഷരം എഴുത്ത് .<br>ചിഹ്നം ഉറപ്പിക്കൽ.<br>പേര് പഠിക്കുന്നു.<br>സംസ്കൃതനാമമരം നിർമിക്കുന്നു.<br>ക്ലാസിൽ അക്ഷരമാലാ പ്രദർശനം.<br>ദിനാഘോഷങ്ങൾക്ക് ഭിത്തിപത്രികാ നിർമാണം മുതലായ പ്രവർത്തനങ്ങൾ | ജൂൺ - ഓഗസ്റ്റ് | സംസ്കൃത അധ്യാപിക | ചാർട്ട്<br>പാഠപുസ്തകം<br>എ ഫോർ ഷീറ്റുകൾ |
| വസ്തുക്കൾ ജന്തുജാലങ്ങൾ മുതലായവയുടെ നാമപാഠം സംഖ്യാപാഠം | ICT ഉപയോഗിച്ച് ചിത്രങ്ങളുടെ പേര് വായിക്കുന്നു എഴുതുന്നു.<br>ചിത്രങ്ങൾ വരച്ചോ ഒട്ടിച്ചോ സംപുട നിർമാണം<br>നാമങ്ങൾ ഉൾക്കൊള്ളുന്ന പാട്ടുകൾ കേൾപ്പിക്കുന്നു.<br>സംഖ്യാഗാനം<br>സംഖ്യാചാർട്ട് നിർമാണം.<br>ക്രീഡകൾ ഒരുക്കുന്നു.<br>കലണ്ടർ നിർമാണം | ജൂൺ - ഡിസംബർ | സംസ്കൃത അധ്യാപിക | ICT<br>ചാർട്ട് |
| ഭാഷയോടുള്ള താത്പര്യം ജനിപ്പിക്കാൻ | ഏകദിന ശിൽപശാല<br>അക്ഷരമാലാ തോരണ നിർമാണം.<br>പുസ്തക പരിചായനം<br>ദിനാഘോഷങ്ങൾ . | ജൂലായ് ,ഓഗസ്റ്റ് | സംസ്കൃത അധ്യാപിക | സംസ്കൃത പുസ്തകങ്ങൾ |
| പ്രത്യേകം പരിഗണന അർഹിക്കുന്ന വർക്കായുള്ള | പ്രതിദിനം എഴുതുന്നു വായിക്കുന്നു.<br>അവർക്ക് അനുയോജ്യമായ | ജൂൺ - മാർച്ച് | സംസ്കൃത അധ്യാപിക | ICT , ചാർട്ട് |

| പ്രവർത്തനം | പഠനോപകരണങ്ങൾ | | | |
|---|---|---|---|---|
| മത്സര പരീക്ഷകൾ, പ്രശ്നോത്തര മത്സരങ്ങൾ എന്നിവക്ക് തയ്യാറാക്കൽ | അതത് പ്രശ്നോത്തരിയോടനുബന്ധിച്ച ചോദ്യോത്തരങ്ങൾ മുൻകൂട്ടി നൽകുന്നു. മാതൃകാ ചോദ്യപേപ്പറുകൾ നൽകുന്നു. | ജൂലായ് - ഫെബ്രുവരി | സംസ്കൃത അധ്യാപിക | മുൻവർഷ ചോദ്യപേപ്പറുകൾ |
| വ്യാകരണ പഠനം | പരിഗണന അർഹിക്കുന്നവർക്കായി പഠനോപകരണങ്ങൾ പഠിച്ച ശബ്ദങ്ങളിലെ പുല്ലിംഗ, സ്ത്രീലിംഗ ,നപുംസകലിംഗ ശബ്ദങ്ങൾ വേർതിരിച്ച് അറിയുന്നു. ചാർട്ട് പ്രദർശനം | ജൂൺ - മാർച്ച് | സംസ്കൃത അധ്യാപിക | ചാർട്ട് ICT |

ARABIC MASTER PLAN

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുക യും ചെയ്യുക. | <u>കൈത്താങ്ങ്</u><br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | പുസ്തകങ്ങ ൾ,<br>കാർഡുക ൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| അറബി ഭാഷാശേ ഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക | <u>പുതിയ പദം പരിചയപ്പെടൽ</u><br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ , പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു.<br>സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങ ൾ,<br>കാർഡുക ൾ,<br>സി ഡി കൾ |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം , കുറിപ്പുകൾ, വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങ ൾ, ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാ തൽപരരാവുക യും ഭാഷ ശേഷി വർദ്ധിപ്പിക്കുക യും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ ,പുസ്തകങ്ങ ൾ |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 1. മികവിന്റെ വഴിയിൽ<br>► പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമ്മിക്കൽ<br>► ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSC<br>SMC<br>PTA |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക. | 2.വായനാവസന്തം<br>► വായന മത്സരം<br>► ക്ലാസ് ലൈബ്രറി<br>► സ്കൂൾ ലൈബ്രറി<br>► വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>► വായന കുറിപ്പുകൾ<br>► അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSC<br>SMC<br>PTA<br>OSF |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | 3.എഴുത്തുത്സവം<br>► എഴുത്തുകൂട്ടം<br>► പതിപ്പുകളുടെ നിർമാണം<br>► വായന കുറിപ്പ് ശേഖരണം<br>► ഇവ്‌ലന്റ് മാഗസിൻ<br>► ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>► ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>► ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>► മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>► യാത്രകൾ<br>► അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>► ഭാഷ കളികൾ അറബിക് അസംബ്ലി<br>► ഭാഷാ പ്രദർശനം<br>► ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSC<br>SMC<br>PTA |
| സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 5. ലാംഗ്വേജ് ലാബ്<br>► സ്മാർട്ട് ക്ലാസ്റൂം .<br>► അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ആനിമേഷൻ<br>► സോഷ്യൽ മീഡിയ ആക്ടിവിറ്റിസ് | 36 months | | BRC<br>LSC<br>SMC<br>OSF |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർനെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |

## മാസ്റ്റർ പ്ലാൻ – ഹിന്ദി അധ്യയനത്തിനായുള്ള പ്രവർത്തന പട്ടിക

| ക്രമം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം (₹) |
|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും, പദങ്ങളും, ആശയങ്ങളും ഉറപ്പാക്കുക | 1. അക്ഷര എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ<br>2. അക്ഷര കാർഡ് ഉപയോഗിക്കൽ<br>3. അക്ഷരമാല ക്ലാസ് പ്രദർശനം<br>4. ഓൺലൈൻ അക്ഷരമാല കളികൾ<br>5. വാക്കുകൾ നിർമ്മിച്ച് വാക്യങ്ങളിലേക്ക് എത്തുക | ജൂൺ – ഓഗസ്റ്റ് | ₹2500 |
| 2 | വീട് പരീക്ഷണശാല: ഗൃഹോപകരണങ്ങൾ ഉപയോഗിച്ച് വസ്തുവിഭാഗങ്ങൾ പരിചയപ്പെടുത്തുക | 1.ഗൃഹോപകരണങ്ങളുടെ പട്ടിക (ഹിന്ദിയിൽ)<br>2. ICT ഉപകരണങ്ങളിലൂടെ പരിചയപ്പെടുത്തൽ | ഓഗസ്റ്റ് – സെപ്റ്റംബർ | — |
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുക; സർഗാത്മക | 1. ഹിന്ദി അസംബ്ലി<br>2. ചിത്രകഥ തയ്യാറാക്കൽ | ജൂൺ – ജൂലൈ | ₹1000 |

| | | | | |
|---|---|---|---|---|
| | രചനകൾക്ക് അവസരം | | | |
| 4 | ഹിന്ദി ക്യാമ്പ്: വായന, രചന, പ്രസംഗം എന്നിവ മെച്ചപ്പെടുത്തുക | 1.ചെറുകഥകളുടെ തയ്യാറെടുപ്പ്<br>2. വായന കാർഡുകൾ<br>3. സചിത്ര പുസ്തകങ്ങൾ | ജൂൺ – ഫെബ്രുവരി(തിങ്കൾ – വ്യാഴം, അവസാന പിരീഡ്) | ₹3000 |
| 5 | ശില്പശാല: കുട്ടികളുടെ വ്യക്തിഗത കഴിവുകൾ അടിസ്ഥാനമാക്കി തനതു പ്രവർത്തനങ്ങൾ | 1. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും<br>2. മുന്നോക്കം നിൽക്കുന്ന കുട്ടികൾക്കും തനതു പ്രവർത്തനങ്ങൾ( വർഷത്തിൽ 2 തവണ) | വർഷത്തിൽ 2 തവണ | ₹1000 |

# UP English Academic Master Plan

## Term 1: Activities to develop listening, speaking, reading, and writing skills

| Activity | Description | Month | Evaluation | Resource Material |
|---|---|---|---|---|
| Lend Your Ear | Listening to English news and summarizing it. The summary should be read aloud in the class. | June | English Assignment | English Reader |
| Follow Me If You Can! | Tongue twister challenge – tongue twisters to be read aloud by students without mistakes. | June | English Assignment | English Reader |
| Breaking News | Creating and presenting news related to school or surroundings. | July | English Assignment | English Reader |
| Missing Man | Word game to find a missing letter/word. Activity to enhance vocabulary and spelling. | July | English Assignment | English Reader |
| Treasure Hunt | Treasure Hunt using clues and instructions written in English. Enhances reading comprehension. | August | English Assignment | English Reader |

## Term 2: Activities to develop various English skills

| Activity | Description | Month | Evaluation | Resource Material |
|---|---|---|---|---|
| Meet the Foreigner | One student acts as a foreigner and answers questions posed by others in English. | September (First week) | English Assignment | English Reader |
| One Man Show | Students perform a solo act or a short skit in English. | September (Last week) | English Assignment | English Reader |
| I Too Can! | Encouragement for shy or weak students to read or speak simple English aloud. | October | English Assignment | English Reader |
| Learning Ladder | Word ladder or vocabulary-building game. Each word must relate to the previous one. | October | English Assignment | English Reader |
| F.M. Corner | A mock Reader's Theatre where students act out dialogues or scenes. | November (First week) | English Assignment | English Reader |
| Reader of the Month | Best-performing reader of the month to be selected and awarded. | November (Last week) | English Assignment | English Reader |

## Term 3: Creative and language-based fun activities

| Activity | Description | Month | Evaluation | Resource Material |
|---|---|---|---|---|
| My Droplets | Students prepare and present small write-ups or poems. | December | English Assignment | English Reader |

| | | | | |
|---|---|---|---|---|
| Alert Zone | Alert-based reading and vocabulary games. Improve alertness and comprehension. | December | English Assignment | English Reader |
| Run Baby Run | Reading relay – students run to a station, read a sentence, and come back. | January | English Assignment | English Reader |
| Fun Time Funda | Language puzzles, riddles, and quizzes. | January | English Assignment | English Reader |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2024 – 25
## സ്കൂൾ തല പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ആരോഗ്യ കായിക വിദ്യഭ്യാസം | നീന്തൽ പരിശീലനം | മെയ്/ജൂൺ | കായിക അധ്യാപകൻ | 10,000/- | ജീവൻ രക്ഷാ മാർഗ്ഗം കൈവരിക്കുന്നു. ഒപ്പം നല്ല പ്രായോഗിക ക്ഷമത സാധ്യമാകുന്നു. മികച്ചകുട്ടികളെ കണ്ടെത്തി ഉയർന്ന മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. |
| 2. | ആരോഗ്യ കായിക വിദ്യഭ്യാസം | ഫുട്ബോൾ പരിശീലനം | ജൂലൈ/ ഓഗസ്റ്റ് | കായിക അധ്യാപകൻ | 5,000/- | സ്കൂൾ ടീം രൂപീകരിച്ച് സബജില്ലാ, ജില്ലാ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കും |
| 3. | ആരോഗ്യ കായിക വിദ്യഭ്യാസം | സ്കൂൾതല വാർഷിക സ്പോർട്സ് | സെപ്തംബർ | കായിക അധ്യാപകൻ, മറ്റ് അധ്യാപകർ | 15,000/- | വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും കായികക്ഷമത കൈവരിക്കുന്നതിനും മികച്ച പ്രതിഭകളെ കണ്ടെത്തുന്നതിനും |
| 4. | ആരോഗ്യ കായിക വിദ്യഭ്യാസം | കബഡി/ ബാഡ്മിന്റൺ പരിശീലനം | ഓഗസ്റ്റ്/ സെപ്തംബർ | കായിക അധ്യാപകൻ | 5,000/- | മികച്ച കുട്ടികളെ കണ്ടെത്തി ഉയർന്ന തലങ്ങളിൽ മത്സരിപ്പിക്കുക |
| 5. | ആരോഗ്യ കായിക വിദ്യഭ്യാസം | സ്കൂളിലെ കുട്ടികൾക്ക് ഹൃദയ ശ്വസന ക്ഷമത വർധിപ്പിക്കുന്നതിനു വേണ്ടി എയറോബിക്സ് പരിശീലനം | മെയ്/ ഒക്ടോബർ | കായിക അധ്യാപകൻ | 2,000/- | കുട്ടികളുടെ കായികശേഷി വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനം |

# MATHEMATICS ACADEMIC MASTER PLAN

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശില്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ് മഞ്ചാടി കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്. ....ഉപയോഗിക്കുന്നു ) | ജൂൺ മാസം | ഗണിത അദ്ധ്യാപകർ | |
| 2)രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശില്പശാല**<br>ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |
| 3)ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽവെച്ച്ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത അദ്ധ്യാപകരും ഗണിത ക്ലബ് അംഗങ്ങളും | |
| 4) ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രവീണ്യമുള്ള അധ്യാപകരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അദ്ധ്യാപകർ, ക്ലബ് ലീഡേഴ്സ് | പി ടി എ |
| 5) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ ടി സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ് ക്രിയകൾ, ടാൻ ഗ്രാം, ഇത് പോലുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യത കൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 6)ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 7) വിവിധ ശേഷികളുടെ വികസനം | **ദിനചാരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനചാരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു.. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യനുസരണം | SRG | |

UP- SCIENCE

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| Waste management workshop<br><br>പുനരുപയോഗിക്കാൻ സാധിക്കുന്നവ തിരിച്ചറിയൽ, പാഴ് വസ്തുക്കളിൽ നിന്നും പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കൽ | പാഴ് വസ്തുക്കൾ ഉപയോഗിച്ച് കൗതുകകരമായ വസ്തുക്കളുടെ നിർമ്മാണം | ജൂൺ | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |
| വിദ്യാർത്ഥികളെയും അത് വഴി സമൂഹത്തെയും ലഹരി ഉപയോഗത്തിന്റെ ദോഷഫലങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനും ലഹരി ഉപയോഗം തടയുന്നതിനും | വിമുക്തി ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ, സ്കൗട്ട് ഗൈഡ്, JRC വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വിവിധ ഇടങ്ങളിൽ ക്യാമ്പയിൻ, തെരുവ് നാടകങ്ങൾ തുടങ്ങിയ വ്യത്യസ്ത പരിപാടികൾ | ജൂൺ | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |
| കുട്ടികളിലെ ടൈപ്പ് വൺ പ്രമേഹ സാധ്യത തിരിച്ചറിയൽ | രക്ത പരിശോധനയിലൂടെ കുട്ടികളിൽ കാണുന്ന ടൈപ്പ് വൺ പ്രമേഹം തിരിച്ചറിയൽ | ജൂലൈ | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| ജൈവ കൃഷി<br><br>ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | വിവിധ പച്ചക്കറികൾ ഉൾപ്പെടുത്തിയുള്ള ജൈവ പച്ചക്കറിത്തോട്ടം | ഓഗസ്റ്റ് മുതൽ അക്കാദമിക വർഷാവസാനം വരെ | ശാസ്ത്രാധ്യാപകർ ഹരിത ക്ലബ്ബ് | സയൻസ് ക്ലബ് പിടിഎ |
| Curiosity corner<br>കുട്ടികളിലെ ശാസ്ത്രാഭിരുചി വളർത്താൻ, ശാസ്ത്ര പഠനത്തിൽ ശാസ്ത്രീയ രീതി പരിശീലിക്കൽ | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ സ്റ്റിൽ മോഡൽ വർക്കിംഗ് മോഡൽ എന്നിവ നിർമിക്കൽ പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ | ഓഗസ്റ്റ് മുതൽ | ശാസ്ത്രാധ്യാപകർ | PTA - സയൻസ് ക്ലബ്ബ് |
| കണ്ടറിയാനൊരു യാത്ര - Field trip<br><br>കുട്ടികളിൽ ശാസ്ത്ര കൗതുകം വളർത്തുന്നതിനും ശാസ്ത്രത്തെ കണ്ടും അറിഞ്ഞു മനസ്സിലാക്കൽ | സയൻസ് പാർക്ക് സന്ദർശിക്കൽ | നവംബർ | ശാസ്ത്രാധ്യാപകർ | PTA - സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| Exploring the sky<br>ആകാശക്കാഴ്ചകളെ കുറിച്ച് മനസ്സിലാക്കൽ | വാനനിരീക്ഷണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. ബഹിരാകാശം, ആകാശഗോളങ്ങൾ എന്നിവയെ കുറിച്ച് കൂടുതൽ ധാരണ കൈവരിക്കൽ. | ജനുവരി | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| Science workshop and Exhibition<br>ശാസ്ത്രാഭിരുചി വളർത്തൽ, പഠന നേട്ടം കൈവരിക്കൽ, ശാസ്ത്ര കൗതുകം വളർത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠന നേട്ടങ്ങളിൽ ഊന്നിക്കൊണ്ട് പരീക്ഷണത്തിലേർപ്പെടൽ, മോഡൽ നിർമ്മാണവും പ്രദർശനവും പോർട്ട്ഫോളിയോ പ്രദർശനം | ഫെബ്രുവരി | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

| മേഖല യു.പി സാമൂഹ്യ ശാസ്ത്രം | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക് വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 2 | സഹജീവികളോട് സമ ഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നൻമയുടെ നുറുങ്ങുവെട്ടം ............................. പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിൻ്റെ ഭാഗമായി കുട്ടികൾ ശേഖരിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാവുന്നു. | അക്കാദമിക് വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | പി.റ്റി.എ |
| 3 | വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാൻമാരാക്കുന്നു | സാമൂഹ്യ ശാസ്ത്ര ക്ലബിൻ്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥൻമാരുടേയും ട്രാഫിക്ക് പോലീസിൻ്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാൾക്കും സുരക്ഷ, സൈബർ കുറ്റ കൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | അക്കാദമിക് വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഭൂഖണ്ഡങ്ങൾ, രാജ്യങ്ങൾ, സംസ്ഥാനങ്ങൾ എന്നിവയുടെ സ്ഥാനം അക്ഷാംശ രേഖാംശ സ്ഥാനം എന്നിവ വേർതിരിച്ചറിയുന്നതിന് | വിവിധ ഭൂപടങ്ങൾ, ഗ്ലോബ് എന്നിവ പരിചയപ്പെടുത്തുന്നു. അറ്റ്ലസ് നിർമ്മാണം , നിറയുന്ന ഭൂപടം | അക്കാദമിക് വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |